# ചെറിയാൻസിന്റെ ചെറുകഥകൾ

മിനികഥകൾ ആറ് ജോയിക്കുട്ടി, ഡിട്രോയിറ്റ്

ചെറിയാൻസ് തൻ വദനം, തൊട്ടാൽ പിണങ്ങും തൊട്ടാവാടിയുടെ ഇതൾ പോലെ. ഹൃത്തടത്തിൻ ദൃശ്യം ദൃശ്യമായീടും വദനത്തിലെന്നതക്ഷരം പ്രതി സത്യമായീടുന്നു. ചിലമ്പീടും വിളക്കിയ ചേങ്ങല തൻ സ്വനമെന്നത് സത്യമല്ലേ! ഉള്ളിൽ പതഞ്ഞുപൊങ്ങുമവൻ തൻ കോപത്തിനറുതി വരുത്താൻ എള്ളോളം തെങ്ങിൻ കള്ളുപോലുമില്ലവനുടെ ഉദരത്തിൽ. ഉണങ്ങീടും മാനുജ ശരീരത്തിൻ പുറത്തേൽക്കും, പക്ഷേ ഉണങ്ങാൻ പ്രയാസമാണ് കദനത്തിലേൽക്കും മുറിവുകൾ. ഉദ്ദേശിച്ചതു നല്ലതുമാത്രമെങ്കിലും ഇല്ലവർക്കാക്കും എള്ളോളം മനസ്സിലാക്കാൻ അവനുടെ ശുദ്ധഹൃദയത്തെ. പഴിചാരാൻ ഇല്ലവനാരും കണ്ണാടി മുന്നിൽ കാണീടും അവനുടെ വദനമല്ലാതെ. വേണ്ടായിനീ ഏറെ പരിഭവങ്ങൾ , തൻ ഹൃത്തടത്തിൻ രോദനങ്ങൾ കേൾക്കാൻ വരുവീൻ.

## വരവേല്പ്

മക്കൾ രണ്ടിനേയും കാണാൻ തിരിച്ചു പ്രിയപ്പെട്ട മാതാവ് ദൂരത്തു നിന്നായ്. ഗഗനത്തിലോടീടും സകടത്തിലല്പനേരമെങ്കിലും അതിനും ചിലവുണ്ടേറെ അതിലേറെ കഷ്ടതയും. ഗഗനസകടത്തിലെത്താൻ തിരിക്കണം തൻ ഭവനത്തിൽ നിന്നുമധികനേരം. ഇഷ്ടമാണു യാത്രയെങ്കിലും പ്രായമല്പം കടന്നതു കൂടാതെ ഏകയായുള്ളത് വിഷമമാണ്. ഉള്ളിൽ തൻ മക്കളേയും അവരുടെ കിടാങ്ങളേയും കാണാനുള്ള ഉത്സുകത്താലാധിയെല്ലാം മാറി ആപ്യാനചിത്തയായി അവൾ തുടന്നു തൻ യാത്ര.

പൊതിഞ്ഞുകെട്ടിയ പേരക്കിടാങ്ങൾക്കുള്ള സമ്മാനപൊതികളനവധിയുണ്ടവളുടെ പെട്ടിക്കുള്ളിൽ. കൊടുത്തീടണമാ പെട്ടിക്കും ഇന്ന് പണമേറെ. കാര്യമില്ലവരെ കുറ്റംപറഞ്ഞിട്ട് ചെലവുകളിന്ന് ഏറെ ഇന്ധനത്തിനുൾപ്പെടെ. വേണമിന്ന് പണമെല്ലാവർക്കും തങ്ങളുടെ ഉപജീവനത്തിനായി. കാലമല്ലിത് പഴയത്, കോലത്തിനു പോലും മാറ്റങ്ങളേറെ. പോരാ പോരാ പണമെന്ന പല്ലവി തന്നെയിന്നെല്ലാവർക്കും. ഉണ്ടെങ്കിൽ പണമേറെയെങ്കിൽ, ഇല്ലാ സമാധാനം ഭൂവിലിതാർക്കും.

കടമ്പകളനവധി കടക്കണമിന്ന് അമേരിക്കയിലാണെങ്കിലും ഗഗനയാത്രയ്ക്കു പോലും. നഗ്നയായി കാണുമിവർ നൂതനയന്ത്രത്തിലൂടെ തന്നെയെങ്കിലും കഷ്ടത വകവെയ്ക്കാതെ ഊരിച്ചവർ തൻ പാദരക്ഷപോലും. എന്തിതെല്ലാം ചെയ്താലും ഫലമില്ലാ, ചെയ്യേണ്ടവനെന്നും ചെയ്യാൻ. കഷ്ടപ്പെടുത്തുന്നൂ നിദ്ദോഷികളെപലരേയുമെന്നതു മിച്ചം. എന്തു ചെയ്യാം! അനുഭവച്ചീടുന്നൂ യാതനകൾ പലതും വേറൊരുവൻ ചെയ്യും ദുഷ്കൃത്യങ്ങൾ മൂലം. വേണ്ടേ സുരക്ഷ രാജ്യത്തിനെന്ന ചോദ്യവും ശരി തന്നെ. നന്മ ചെയ്യാൻ മനുജന് ഈശ്വരൻ നൽകിയ ബുദ്ധികൊണ്ട് തിന്മ മാത്രം ചെയ്യാനുപയോഗിക്കുന്ന ഇവനുടെ ശിരോതലം. വേണ്ട! ജന്മം നൽകിയ ഈശ്വരൻ പോലും ലജ്ജിച്ചു പോകുന്ന ഇവന്റെയെല്ലാം കമ്മങ്ങൾ കണ്ടിട്ട്. ഈശ്വരൻ തൻ രൂപത്തിലിവനെ സൃഷ്ടിച്ചതിതിനു വേണ്ടിയോ!

അഹന്തയേതുമില്ലാത്ത പല അമേരിക്കൻ മലയാളികളേയും നമ്മുടെ കൊച്ചു കേരളത്തിൽ കണ്ടതദ്ഭുതം കൂറുന്ന ബന്ധുമിത്രാദികളേവർക്കും. തണ്ടുള്ളവൻ പാമരൻ കൊച്ചു കേരളത്തിനധിപനെന്നു വിചാരിച്ചു നടന്നീടുന്ന ഇരുകാലി മനിതനവൻ. ഭയമേറെയുണ്ട് അമേരിക്കയിൽ വസിക്കും പണക്കാരന്കേരളത്തിലൂടെ തൻ പണക്കൊഴുപ്പു കാട്ടി നടക്കാൻ

മമ്മിയിപ്പോൾ വന്നീടുമെന്നാശിച്ച് പെൺമക്കൾ രണ്ടും പലതരം വിഭവങ്ങളൊരുക്കുന്നു വരവേല്പാൻ മമ്മിയെ. സീമന്ത പുത്രിയിപ്പോൾ രോഗിണിയായ്, ഏകയായ് ഏറെ ദുഃഖിതയായി. അവളുടെ രോദനത്തിനല്പമെങ്കിലും അറുതി വരുത്താമെന്നും ആശ്വാസമരുളാമെന്നുമാശിച്ചാണാ മാതാവ് തത്രപ്പെട്ട് യാത്ര തിരിച്ചതു തന്നെ. അവൾ സൗന്ദര്യ ശ്രേഷ്ഠയാണെങ്കിലും രോഗിയായത് ആധിയായി അവൾ മാതാവിന്. വൈദ്യശാസ്ത്രത്തിനും ശ്രേഷ്ഠയാണവളെങ്കിലും കീഴ്പ്പെടുത്തി രോഗം വലുതൊന്ന്. ലോകത്തിലാർക്കെന്തെങ്കിലും രോഗമുണ്ടായാൽ ഓടിച്ചെന്ന് ശുശ്രൂഷിച്ചവൾ മറ്റുള്ളവരുടെ കണ്ണീർ തുടച്ചവളുടെ കണ്ണീർ തുടയ്ക്കാനാരുമില്ലാതായി. എല്ലാം സാരമില്ലന്നും വരുന്നതെല്ലാം താൻ സഹിച്ചുകൊള്ളാമെന്നും സുസ്മേരവദനയായവൾ മൊഴിയുമ്പോൾ ഉതിരും കണ്ണീർ കണങ്ങൾ പലരിൽ നിന്നും. എന്തിനവൾക്കീവ്യാധിയീശ്വരൻ നൽകിയെന്നതത്ഭുതമായീടുന്നു പലർക്കും. അവൾക്കുമറിയാം തൻ മമ്മി കഷ്ടപ്പെട്ടോടിയെത്തുന്നത് അവൾക്കാശ്വാസമേകാനെന്ന്. വല്ലായ്മയെല്ലാം മാറ്റി നിർത്തി, വിഭവങ്ങൾ പലതും ക്ഷേമമായി ഒരുക്കീ തൻ പ്രിയമമ്മിയെ സ്വീകരിക്കാനായി.

ഉഗ്ഗ്വശീശാപം ഉപകാരമെന്ന പോൽ തൻ പാദത്തിനുള്ള വേദന വീൽചെയറിൽ പോകാൻ മമ്മിയവളെ നിബന്ധിതയാക്കി. സേവനം സൗജന്യമായവൾക്കു ലഭിക്കുമെങ്കിലും പാശ്ചാത്യരവർക്ക് നൽകിയവൾ നല്ല ടിപ്പ് മലയാളികൾക്ക് മാന്യമായി. ഇല്ലാ പ്രതീക്ഷയൊന്നും സാധാരണയിക്കൂട്ടരിൽ നിന്നുമവന്. മാന്യമായി അവനെത്തിച്ചു അവളെ തൻ ഇരിപ്പടത്തിലാശകടത്തിൽ.

ദ്വതീയ പുത്രി തന്നെ തിരിച്ചൂ മാതാവിനെ സ്വീകരിക്കാനായി. മമ്മിയെ വരവേല്പാനായീ അവളുമൊരുക്കീ സ്വാദിഷ്ടമായ ഭക്ഷണങ്ങളനവധി. തിരക്കേറിയ അവളുടെ ജോലിക്കിന്നവധി കൊടുത്തു, കിടാങ്ങളെ ബേബീസിറ്റിലേല്പിച്ചിട്ട് കഷ്ടപ്പെട്ടു തൻ പ്രിയമാതാവിനെ വരവേൽക്കാനായി.

ജാലകത്തിലൂടെ പലവുരു നോക്കീ സീമന്ത പുത്രിയവൾ തൻ മാതാവിൻ വരവു കാണ്മാനായ്. അവടെയും മെവിടേയും അവൾ മിടുക്കിയായി വാഹനമോടിച്ചവളെയിന്ന് ആരും അനുവദിക്കില്ലിതന്. രോഗിണിയായവൾ വാഹനമോടിച്ച് കഷ്ടപ്പെടേണ്ടതില്ലെന്നെല്ലാവർക്കും. ബന്ധനസ്ഥയെപോലുഴറീയവളുടെ മാനസം. കൺകൾ കഴച്ചു നോക്കീ നോക്കിയെപ്പോൾ വന്നീടും തൻ മാതാവെന്നവൾ.

ദ്വതീയപുത്രി നേരെ തൻ ഭവനത്തിലേക്കാനയിച്ചു തൻ മമ്മിയെ നൽകീ തൻ കരവിരുതിൻ വിഭവങ്ങളനവധി. കേഴീ അവൾ ആ മാതാവ് തൻ ഹൃത്തടം മേറെ തൻ സീമന്തപുത്രിയെ കാണാതെ. സാരമില്ല മമ്മിയ്ക്കിനി ബാക്കിയിനിയെല്ലാം ദിവസവും അവളുടെ അമ്മാമ്മയുടെ കൂടെയെന്നവൾ ആശ്വാസമേകി തൻ മാതാവിന്. എന്നാലും അവളേയും ക്ഷണിക്കാമായിരുന്നു ഇന്നിവിടെയെന്നവൾ മാതാവു തൻ ഹൃത്തടം മന്ത്രിച്ചു. പറഞ്ഞില്ലൊന്നും പുറത്തേക്കത് തൻ ദ്വതീയ പുത്രിക്കെന്തിന് അസഹ്യത വരുത്തുന്നെന്ന് ചിന്തിച്ചവൾ.

മടക്കി ആ മാതാവിനെ അവളുടെ രോഗിയായ സീമന്ത പുത്രിചാരത്തെത്തിച്ചു സാവകാശം. സാരമില്ലന്നോതി സീമന്തപുത്രി ഒരു കലഹമൊഴിവാക്കാനായി. എത്രയും ക്ലേശിച്ച് ഇത്രയും വിഭവങ്ങൾ തൻ രോഗിണിയായ മകൾ തനിക്കു വേണ്ടി ഒരുക്കിയെന്നോർത്തവൾ ഹൃത്തടം കേണൂ. അതിൻ സ്ഫുരണം കണ്ണീർ തുള്ളികളായി ഒഴുകി അവൾ വദനത്തിൽ.